പെരുമ്പാവൂർ ഡിപ്പോയിൽ നിന്നും സ്പെയർ പാർട്സ്, ഡീസൽ മുതലായവ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് നാളിതുവരെ റിപ്പോർട്ട് ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല.

നന്തിക്കരയിലെ വാഹനാപകടം

324 (3836) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പട്ടിക്കാടിനടുത്ത് നന്തിക്കരയിൽ 6-11-2015-ൽ ഉണ്ടായ വാഹനാപകടത്തിൽ ഡ്രൈവർ അടക്കം 7 പേർ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ദേശീയപാതയിലെ അശാസ്ത്രീയമായ റോഡ് നിർമ്മാണമാണ് അപകടകാരണം എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) അപകടം നടന്ന സ്ഥലത്ത് അരിക്ഭിത്തി നിലവിലുണ്ടോ ;

(ഡി) പ്രസ്തുത ദേശീയപാത, വിദഗ്ധപരിശോധന നടത്തി അപകട വിമുക്തമാക്കുന്നതിനും ഭാവിയിൽ അപകടങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) മരണപ്പെട്ടവരുടെ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകുമോ ?

ഉത്തരം

(എ-സി) ഉണ്ട്. നന്തിക്കരയിൽ ഉണ്ടായ അപകടത്തിന്റെ കാരണം ഡ്രൈവറുടെ ഉദാസീനതയാണ്. അപകടം നടന്ന ഭാഗത്ത് റോഡ് പേവ്മെന്റ് മാർക്കിംഗും (ലൈൻ മാർക്കിംഗ്) 25 എണ്ണത്തോളം സുരക്ഷ യാർഡ് സ്റ്റോണും സ്ഥാപിച്ചിരുന്നു. ലൈൻമാർക്കിംഗ് പരിധിക്ക് അകത്ത് കൂടി വേണം വാഹനങ്ങൾ സഞ്ചരിക്കാൻ. അപകടമുണ്ടാക്കിയ വാഹനം ലൈൻ മാർക്കിംഗ് പരിധി കടന്ന് സുരക്ഷാ ഗാർഡ് സ്റ്റോണും ഇടിച്ചിട്ടു കൊണ്ടാണ് കളത്തിൽ വീണത്. നന്തിക്കര ഭാഗം നാലുവരി പാതയാണ്. IRC SP:44-1996- ഹൈവേ സേഫ്റ്റി കോഡ് പ്രകാരം നാലുവരിപ്പാതയിൽ വളരെയധികം വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ വലതുവശത്തുള്ള വരിയിൽക്കൂടി സഞ്ചരിക്കണം. വാഹനം ഇടതു വശത്തെ വരിയിൽ വളരെ വേഗത്തിൽ സഞ്ചരിച്ചതും വാഹനമോടിച്ചയാൾ ഉറങ്ങിപ്പോയതുമാണ് അപകടകാരണമെന്ന് അനുമാനിക്കുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പ്രകാരം ഈ ഭാഗത്ത് വേറെ അപകടങ്ങൾ ഒന്നും തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നടന്നിട്ടില്ല. ആയതിനാൽ അപകട കാരണം വാഹനമോടിച്ചയാളിന്റെ അനാസ്ഥ കൊണ്ടാണെന്നും റോഡിന്റെ സുരക്ഷാ വീഴ്ചകൊണ്ടല്ലെന്നും മനസ്സിലാക്കാവുന്നതാണ്.

(ഡി) അപകടം നടന്ന സ്ഥലം ദേശീയ പാത 47-ന്റെ ഭാഗമാണ്. പ്രസ്തുത റോഡിന്റെ പരിപാലനം ദേശീയ പാത അതോറിറ്റിയാണ് നടത്തുന്നത്. അപകടത്തിനു ശേഷം ദേശീയ പാത അതോറിറ്റി അപകട സ്ഥലത്ത് കോൺക്രീറ്റ് കാലുകൾ സ്ഥാപിച്ചിട്ടുണ്ട്. അപകടത്തെ തുടർന്ന് മോട്ടാർ വാഹന വകുപ്പ് വാഹന പരിശോധന കർശനമാക്കുകയും മുടങ്ങാതെ ട്രാഫിക് ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്.

(ഇ) 8-12-2015 ലെ ജി.ഒ.(എം.എസ്.) നം. 652/15/റവ പ്രകാരം മരണമടഞ്ഞ ഇസ്ഹാക്കിന്റെ മകൻ ഇജാസിന്റെ തുടർ വിദ്യാഭ്യാസത്തിനും മറ്റ് കാര്യങ്ങൾക്കുമായി അഞ്ച് ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടുണ്ട്.

വാഹനങ്ങൾക്ക് അധിക നികുതി

325 (3837) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും കർണ്ണാടകയിലേക്ക് പ്രവേശിക്കുന്ന വാഹനങ്ങൾക്ക് ഇപ്പോൾ എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്; കർണ്ണാടകയിൽ നിന്നും കേരളത്തിൽ എത്തുന്ന വാഹനങ്ങൾക്ക് എത്ര രൂപയാണ് അധിക നികുതിയായി ഈടാക്കുന്നത്;

(ബി) കർണ്ണാടകയിലേക്ക് പ്രവേശിക്കുന്നതിന് അധിക നികുതി ഈടാക്കുന്നതിനാൽ മംഗലാപുരത്തും, മണിപ്പാലിലും , ബംഗളൂരുവിലിലും ചികിത്സയ്ക്ക് രോഗികളെയും കൊണ്ട് പോകുന്ന വാഹനങ്ങൾ വലിയ വാടക ഈടാക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് നികുതി കുറയ്ക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിൽ നിന്നും കർണ്ണാടകത്തിലേയ്ക്ക് പ്രവേശിക്കുന്ന വിവിധ തരം വാഹനങ്ങൾക്ക് ഇപ്പോൾ കർണ്ണാടക സർക്കാർ ഒരു വർഷത്തെ ടാക്സാണ് ഈടാക്കുന്നത്. കർണ്ണാടകയിൽ നിന്നും കേരളത്തിലേയ്ക്ക് സ്പെഷ്യൽ പെർമിറ്റ് എടുത്ത് വരുന്ന വിവിധ തരം വാഹനങ്ങൾക്ക് 7 ദിവസത്തേയ്ക്ക് അത്തരം

LIBRARY ARCHIVES Kerala Legislative Assembly